സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com | വാല്യം: 57 | ലക്കം: 252 | 2025 ജനുവരി 30 വ്യാഴം | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com

## കുഞ്ഞിന്റെ മൃതദേഹം ബക്കറ്റിൽ, അമ്മ തൂങ്ങി മരിച്ച നിലയിൽ

മോങ്ങം (മലപ്പുറം): മോങ്ങത്ത് അമ്മയേയും കുഞ്ഞിനേയും മരിച്ച നിലയിൽ കണ്ടെത്തി. ഒളിമതൽ സ്വദേശി മിനിയെ(45) ആണ് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. മൂന്ന് മാസം പ്രായമുള്ള കുഞ്ഞിനെ ശുചിമുറിയിലെ ബക്കറ്റിലാണ് മരിച്ച നിലയിൽ കണ്ടെത്തിയത്.കുഞ്ഞിനെ ബക്കറ്റിൽ മുക്കി കൊലപ്പെടുത്തിയതിന് ശേഷം ജീവനൊടുക്കിയെന്നാണ് അധികൃതർ നൽകുന്ന വിവരം.വീട്ടിൽ നിന്ന് ആത്മഹത്യ കുറിപ്പ് കണ്ടെത്തിയിട്ടുണ്ട്. മരണത്തിൽ ആർക്കും പങ്കില്ല. തന്റെ കാഴ്ച പരിമിതിയാണ് ജീവനൊടുക്കാനുള്ള തീരുമാനത്തിന് പിന്നിൽ എന്നാണ് കുറിപ്പിൽ പറയുന്നത്.

## യാത്രാ വിമാനവും സൈനിക ഹെലികോപ്ടറും കൂട്ടിയിടിച്ചു; നിരവധി മരണം

വാഷിംഗ്ടൺ: അമേരിക്കയിൽ യാത്രാ വിമാനം ഹെലികോപ്ടറുമായി കൂട്ടിയിടിച്ച് തകർന്നു. വാഷിംഗ്ടണിലെ റീഗൻ നാഷണൽ എയർപോർട്ടിൽ ലാൻഡ് ചെയ്യാൻ ശ്രമിക്കുന്നതിനിടെ അമേരിക്കൻ എയർലൈൻസിന്റെ വിമാനം സൈനിക ഹെലികോപ്ടറിലിടിക്കുകയായിരുന്നു.

ഇന്നലെ രാത്രി 9മണിയോടെയായിരുന്നു അപകടമുണ്ടായത്. കൻസാസിലെ വിചിതയിൽ നിന്ന് വരികയായിരുന്ന അമേരിക്കൻ എയർലൈൻസിന്റെ 5342 ഫ്ളൈറ്റ് ആണ് അപകടത്തിൽപ്പെട്ടത്.

അപകടസമയത്ത് വിമാനത്തിൽ 60 യാത്രക്കാരും 4 ക്രൂ മെമ്പേഴ്സും ഉണ്ടായിരുന്നു. വിമാനത്താവളത്തിന് സമീപമുള്ള പൊട്ടോമാക് നദിക്ക് മുകളിലെത്തിയപ്പോഴായിരുന്നു അപകടമുണ്ടായതെന്ന് അധികൃതർ അറിയിച്ചു. അപകടത്തിൽ കാണാതായവർക്ക്വേണ്ടി നദിയിൽ തെരച്ചിൽ നടത്തുകയാണ്.

വെള്ളത്തിൽ നിന്ന് ചിലരെ രക്ഷാപ്രവർത്തകർ പുറത്തെടുത്തതായി റിപ്പോർട്ടുകളുണ്ട്. ഹെലികോപ്ടറിൽ മൂന്ന് സൈനികരുണ്ടായിരുന്നുവെന്നാണ് വിവരം. അപകടത്തിന്റെ പശ്ചാത്തലത്തിൽ റൊണാൾഡ് റീഗൻ എയർപോർട്ടിൽ എല്ലാ ടേക്ക് ഓഫുകളും ലാൻഡിംഗുകളും താൽക്കാലികമായി നിർത്തിവച്ചതായി അധികൃതർ അറിയിച്ചു.

അപകടത്തെക്കുറിച്ച് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെ അറിയിച്ചതായി വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലീവിറ്റ് ഫോക്സ് പറഞ്ഞു. സ്ഥിതിഗതികൾ നിരീക്ഷിച്ചുവരികയാണെന്ന് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്ത് അറിയിച്ചു. പൊട്ടോമാക് നദിയിൽ നിന്ന് 18 മൃതദേഹങ്ങൾ കണ്ടെത്തിയതായി അമേരിക്കൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. രാത്രിയിൽ നദിയിലെ രക്ഷാപ്രവർത്തനം ഏറെ ദുഷ്കരമായിരിക്കുകയാണ്.

300ലേറെ പേരടങ്ങുന്ന സംഘമാണ് പൊട്ടോമാക് നദിയിൽ രക്ഷാപ്രവർത്തനം നടത്തുന്നത്. എഫ്.ബി.ഐയുടെ മുങ്ങൽവിദഗ്ധരും രക്ഷാപ്രവർത്തനത്തിനെത്തി. ആരെങ്കിലും ജീവനോടെ അവശേഷിക്കുന്നുണ്ടോയെന്ന കാര്യം ഇപ്പോൾ പറയാനാവില്ലെന്നാണ് അധികൃതർ വ്യക്തമാക്കിയത്.

## ഭാര്യയേയും കുടുംബാംഗങ്ങളെയും വെട്ടിപ്പരിക്കേൽപ്പിച്ചു; ഭർത്താവ് കസ്റ്റഡിയിൽ

കൊല്ലം: ശക്തികുളങ്ങരയിൽ ഒരു കുടുംബത്തിലെ 3 പേർക്ക് വെട്ടേറ്റു. ശക്തികുളങ്ങര സ്വദേശി രമണി, സഹോദരി സുഹാസിനി, സുഹാസിനിയുടെ മകൻ സൂരജ് എന്നിവർക്കാണ് വെട്ടേറ്റത്. രമണിയുടെ ഭർത്താവ് അപ്പുക്കുട്ടനാണ് ഇവരെ വെട്ടിയത്. ഇയാളെ പൊലീസ് കസ്റ്റഡിയിലെടുത്തു. കുടുംബ പ്രശ്നമാണ് ആക്രമണത്തിന് കാരണമെന്ന് പൊലീസ് അറിയിച്ചു.

ഇന്ന് രാവിലെ എട്ടരയോടെ രമണിയുടെ വീട്ടിൽവച്ചായിരുന്നു സംഭവം. രമണിയും അപ്പുക്കുട്ടനും ശക്തികുളങ്ങരയിലെ ഈ വീട്ടിലാണ് താമസിക്കുന്നത്. ഇരുവരും തമ്മിൽ പ്രശ്നങ്ങളുണ്ടായിരുന്നു. രമണിയുടെ തലയ്ക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്.

രമണിയെ ആദ്യം ജില്ലാ ആശുപത്രിയിലായിരുന്നു പ്രവേശിപ്പിച്ചിരുന്നത്. പരിക്ക് ഗുരുതരമായതിനാൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് മാറ്റി.

സുഹാസിനിയും സൂരജും കൊല്ലം ജില്ലാ ആശുപത്രിയിൽ ചികിത്സയിലാണ്. പ്രതിയെ വിശദമായി ചോദ്യം ചെയ്തുവരികയാണ്. അപ്പുക്കുട്ടൻ മത്സ്യത്തൊഴിലാളിയാണ്.

ഇവരുടെ നിലവിളി കേട്ടാണ് തൊട്ടടുത്ത് താമസിക്കുന്ന രമണിയും സൂരജും എത്തി ഇയാളെ തടയാൻ ശ്രമിച്ചത്. ഇതിനിടെ അപ്പുക്കുട്ടൻ ഇവരെയും വെട്ടുകയായിരുന്നു. അപ്പുക്കുട്ടനെ പോലീസ് കസ്റ്റഡിയിലെടുത്തു

## പനമരം പഞ്ചായത്തിൽ എൽ.ഡി.എഫിനെ അട്ടിമറിച്ച് യു.ഡി.എഫ്

# തൃണമൂൽ പിന്തുണയോടെ ഭരണം മുസ്‌ലിംലീഗ് പിടിച്ചെടുത്തു

പനമരം: എൽ.ഡി.എഫ് ഭരിക്കുന്ന വയനാട് പനമരം പഞ്ചായത്തിൽ യു.ഡി.എഫിന് അട്ടിമറി ജയം. എൽ.ഡി.എഫിൽനിന്ന് കൂറുമാറി തൃണമൂൽ കോൺഗ്രസ്സിൽ ചേർന്ന ജനതാദൾ അംഗം ബെന്നി ചെറിയാന്റെ പിന്തുണയോടെയാണ് യു.ഡി.എഫ് പഞ്ചായത്ത് ഭരണം പിടിച്ചെടുത്തത്. മുസ്‌ലിംലീഗ് പ്രതിനിധി 22-ാം വാർഡ് വെള്ളരി വയലിൽ നിന്ന് വിജയിച്ച ലക്ഷ്മി ആലക്കമറ്റമാണ് പുതിയ പ്രസിഡന്റ്.

നേരത്തെ, തദ്ദേശ തെരഞ്ഞെടുപ്പിൽ പഞ്ചായത്തിൽ ഒരു മുന്നണിക്കും ഭൂരിപക്ഷമില്ലാത്തതിനെ തുടർന്ന് നറുക്കെടുപ്പിലൂടെയാണ് സി.പി.എമ്മിലെ ആസ്യ പ്രസിഡന്റായത്. കോൺഗ്രസ്സിലെ തോമസ് പാറക്കാലാണ് വൈസ് പ്രസിഡന്റ്. എന്നാൽ, മുന്നണികൾ തമ്മിൽ അഭിപ്രായവ്യത്യാസം രൂക്ഷമാവുകയും പ്രസിഡന്റിനെതിരെ യു.ഡി.എഫ് അവിശ്വാസം പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. എൽ.ഡി.എഫിൽ നിന്നും പുറത്താക്കപ്പെട്ട 11-ാം വാർഡ് മെംബർ ബെന്നി ചെറിയാന്റെ പിന്തുണയോടെ അവിശ്വാസം പാസായി. ബെന്നി പിന്നീട് തൃണമൂലിൽ ചേരുകയും യു.ഡി.എഫിനെ പിന്തുണക്കുകയുമായിരുന്നു.

പ്രസിഡന്റ് പദം ജനറൽ വനിത സംവരണമാണ്. യു.ഡി.എഫ് ധാരണപ്രകാരം മുസ്‌ലിം ലീഗിനാണ് സ്ഥാനം. ലീഗിന് നിലവിൽ 3 വനിത അംഗങ്ങളാണുള്ളത്. കുണ്ടാലയിൽ നിന്നു വിജയിച്ചുവന്ന ഹസീന ശിഹാബിനെയായിരുന്നു പഞ്ചായത്ത് കമ്മിറ്റി പിന്തുണച്ചത്. എന്നാൽ, ഇത് സ്വീകരിക്കാൻ ഒരു വിഭാഗം തയാറായില്ല. അതോടെ പ്രസിഡന്റ് പദം വിവാദമായി. ഈ പരാതികൾ ജില്ലയിലും സംസ്ഥാന കമ്മിറ്റി അംഗങ്ങളിലും എത്തി.

കാര്യങ്ങൾ കൈവിട്ടുപോകുമെന്ന അവസ്ഥയിലായതോടെയാണ് 8മാസം മാത്രം ശേഷിക്കുന്ന പ്രസിഡന്റ് പദവിയിലേക്ക് പഞ്ചായത്ത് കമ്മിറ്റി നൽകിയ പേര് വെട്ടുകയും ജില്ലകമ്മറ്റി ലക്ഷ്മിയെ നിർദേശിച്ചത്. അതേസമയം, നിലവിലെ ലീഗ് അംഗമായ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനെ തൽസ്ഥാനത്തുനിന്ന് പുറത്താക്കുന്നതിനു വേണ്ടി ചില പ്രാദേശിക നേതാക്കൾ നടത്തുന്ന ശ്രമത്തിന്റെ ഭാഗമാണ് പഞ്ചായത്ത് കമ്മിറ്റിയുടെ നോമിനിയെ തള്ളി മറ്റൊരാളെ പ്രസിഡന്റ് സ്ഥാനത്തേക്ക് ജില്ല കമ്മിറ്റി നിർദേശിച്ചതെന്നും ആരോപണമുണ്ട്.

ഇതേച്ചൊല്ലിയുള്ള തർക്കത്തെ തുടർന്ന് ഇന്നലെ നടന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പ് യു.ഡി.എഫ് ബഹിഷ്കരിച്ചിരുന്നു. കോൺഗ്രസ് മണ്ഡലം കമ്മിറ്റിയും പഞ്ചായത്ത് മുസ്‌ലിം ലീഗിനെ പിന്തുണച്ചതോടെയാണ് യു.ഡി.എഫിലെ 11 അംഗങ്ങളും പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ നിന്ന് വിട്ടുനിന്നത്. ബെന്നി ചെറിയാനും എത്തിയിരുന്നില്ല. അതേസമയം, എൽ.ഡി. എഫിൽ നിന്ന് 10 അംഗങ്ങളും യോഗത്തിന് എത്തിയിരുന്നു. ക്വാറം തികയാത്തതിന്റെ പേരിൽ മാറ്റിവച്ച തെരഞ്ഞെടുപ്പാണ് ഇന്ന് നടന്നത്.

## സ്വർണ വില കുതിക്കുന്നു

കോഴിക്കോട്: സ്വർണ വില റെക്കോർഡ് തിരുത്തി കുതിക്കുന്നു.ഇന്ന് പവന് 120 രൂപയാണ് വർധിച്ചത്. സ്വർണവില പവന് 60,880 രൂപയായി ഉയർന്ന് 61,000 കടന്നും കുതിക്കുമെന്ന സൂചനയാണ് നൽകുന്നത്. ഗ്രാമിന് 15 രൂപയാണ് വർധിച്ചത്. 7610 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില. ഈ മാസത്തിന്റെ തുടക്കത്തിൽ 57,200 രൂപയായിരുന്നു സ്വർണ വില. 30 ദിവസത്തിനിടെ 3600 രൂപയുടെ വർധനയാണ് രേഖപ്പെടുത്തിയത്.

## ദലിത് യുവാവിനെ കൊലപ്പെടുത്തി മുത്തശ്ശിക്ക് സമർപ്പിച്ചു

സൂര്യപേട്ട് (തെലങ്കാന): തെലങ്കാനയിലെ സൂര്യപേട്ട് ജില്ലയിൽ ദുരഭിമാന കൊലയിൽ ആറുപേർ അറസ്റ്റിൽ. ദലിത് യുവാവിനെ കൊലപ്പെടുത്തി പെൺകുട്ടിയുടെ മുത്തശ്ശിക്ക് മൃതദേഹം കാണിച്ചു കൊടുക്കുകയായിരുന്നുവെന്ന് പൊലീസ് പറഞ്ഞു.

വഡ്കൊണ്ട കൃഷ്ണയെയാണ് (32) ഭാര്യ ഭാർഗവിയുടെ സഹോദരന്മാരും പിതാവും ചേർന്ന് കൊലപ്പെടുത്തിയത്. ഭാർഗവിയുടെ മുത്തശ്ശി ബുക്കമ്മ, പിതാവ് കോട്‌ല സെയ്ദുലു, സഹോദരങ്ങളായ നവീൻ, വംശി എന്നിവരെ അറസ്റ്റ് ചെയ്തതായി സൂര്യാപേട്ട് പോലീസ് പറഞ്ഞു.

## മദ്യനയം മാറിയത് കേരളത്തിലാരും അറിഞ്ഞില്ല, അന്യസംസ്ഥാനത്തെ കമ്പനിയറിഞ്ഞു: വി.ഡി.സതീശൻ



മലപ്പുറം : മാറിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ മദ്യനിർമ്മാണശാല അനുവദിക്കുന്ന കാര്യം കേരളത്തിൽ ആരും അറിഞ്ഞില്ലെന്ന് പ്രതിപക്ഷനേതാവ് വി.ഡി.സതീശൻ. ബ്രൂവറി അനുമതിയെക്കുറിച്ചുള്ള വിഷയത്തിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മദ്യനയം മാറിയത് കേരളത്തിൽ ഒരു ഡിസ്‌ലെറിയും അറിഞ്ഞില്ല. പാലക്കാട് ജില്ലയിലെ ഒരു ഡിസ്‌ലെറിയും അറിഞ്ഞില്ല. എന്നാൽ മധ്യപ്രദേശിലും പഞ്ചാബിലും പ്രവർത്തിക്കുന്ന ഒയാസിസ് കമ്പനി ഇത് അറിഞ്ഞത് എങ്ങനെയാണ്. ഇതിനായി ഒരു അപേക്ഷയും ക്ഷണിച്ചിരുന്നില്ല. എന്നാൽ ഇവരുടെ അപേക്ഷ മാത്രം സ്വീകരിച്ചു. ഒരു വകുപ്പുമറിയാതെ നടപടിക്രമങ്ങളുമായി രഹസ്യമായി മുന്നോട്ട് പോയി'. ഇത് സുതാര്യമാണോയെന്നും അദ്ദേഹം ചോദ്യമുന്നയിച്ചു.

ഇതേ കമ്പനി മദ്യനയം മാറും മുൻപ് എലപ്പുള്ളി പഞ്ചായത്തിൽ സ്ഥലം വാങ്ങിച്ചു. ഇത്തരത്തിൽ മദ്യനയം മാറുമെന്ന് അവർ എങ്ങനെ അറിഞ്ഞുവെന്നും പ്രതിപക്ഷ നേതാവ് ചോദിച്ചു. ഒയാസിസ് കമ്പനിയ്ക്ക് വേണ്ടി മദ്യനയം മാറ്റിയാണ് മദ്യനിർമ്മാണശാല നിർമ്മിക്കാനുള്ള അവസരം കൊടുത്തതെന്നത് വളരെ വ്യക്തമാണെന്നും വാർത്തസമ്മേളനത്തിൽ വി.ഡി.സതീശൻ ആരോപിച്ചു.

## തൂങ്ങിമരിച്ചു

പുതുക്കാട്: ചിറ്റിശ്ശേരി സ്വദേശി ചിറയത്ത് ദിനേശൻ മകൾ അശ്വതി (19) വീടനകത്ത് തൂങ്ങിമരിച്ചു. തൃശൂരിൽ ജർമ്മൻ ഭാഷ പഠിപ്പിക്കുന്ന ടീച്ചറാണ്. മരണകാരണം അറിവായിട്ടില്ല. പുതുക്കാട് പോലീസ് മേൽ നടപടി സ്വീകരിച്ച് മൃതൃദേഹം പോസ്റ്റ്മോർട്ടത്തിനായി മെഡിക്കൽ കോളേജിലേക്ക് മാറ്റി.

## മുൻ ഗോവ സബ് കലക്ടറായ മലയാളി യുവാവ് മരിച്ച നിലയിൽ



മുംബൈ: വിവാഹത്തിന് വെറും നാല് ദിവസം ബാക്കി നിൽക്കെ മുൻ ഗോവ സബ് കലക്ടറും നിലവിൽ ഗൂഗ്ളിൽ ഐ.ടി വിദഗ്ധനുമായ മലയാളി യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തി. ഗൂഗ്ളിൽ ഹെഡ് ഓഫ് സ്ട്രാറ്റജിയും പെരുമ്പാവൂർ സ്വദേശിയുമായ വിജയ് വേലായുധന്റെ (33) മൃതദേഹമാണ് ഡോംബിവലിയിലുള്ള ഫ്ളാറ്റിൽ കണ്ടെത്തിയത്. ബുധനാഴ്ചയാണ് സംഭവം.

ഐ.എ.എസ് ലഭിച്ച ശേഷം ഗോവയിൽ സബ് കലക്ടറായി സേവനമനുഷ്ഠിച്ച വിജയ്, പിന്നീട് ഈ പദവി ഉപേക്ഷിച്ചാണ് ഗൂഗ്ളിൽ ചേർന്നത്. ഫെബ്രുവരി 2ന് ഞായറാഴ്ച വിവാഹം നടക്കാനിരിക്കെയാണ് ദാരുണസംഭവം. സഹപാഠിയായിരുന്ന പെൺകുട്ടിയെയാണ് വിവാഹം കഴിക്കാനിരുന്നത്.

ഗൂഗ്ളിന്റെ സിംഗപ്പൂർ ഓഫിസിൽ ഐടി വിദഗ്ധനായ വിജയ് വീട്ടിലിരുന്ന് ജോലിചെയ്യുകയായിരുന്നു. ഡോംബിവലി വെസ്റ്റിൽ ചന്ദ്രഹാസ് സൊസൈറ്റിയിലാണ് താമസം. വാതിൽ അകത്ത് നിന്ന് പൂട്ടിയ നിലയിലായിരുന്നു. വാതിലിന് പുറത്ത് ഒരു കുറിപ്പ് എഴുതി വച്ചായിരുന്നു ആത്മഹത്യ ചെയ്തത്. വാതിൽ തുറക്കരുതെന്നും താൻ ജീവനൊടുക്കുകയാണെന്നും പൊലീസിൽ വിവരമറിക്കണമെന്നുമായിരുന്നു കുറിപ്പിൽ എഴുതിയത്. പെരുമ്പാവൂർ സ്വദേശിയായ വേലയുധന്റെയും ലതികയുടെയും ഏക മകനാണ് വിജയ്. മകന്റെ വിവാഹ ആവശ്യങ്ങൾക്കായി മാതാപിതാക്കൾ പുറത്തുപോയ നേരത്താണ് മരണം.

## കുഞ്ഞിന്റേത് കൊലപാതകമെന്ന് സംശയം; വീട്ടിൽ കുരുക്കിട്ട നിലയിൽ കയർ, മൊഴികളിൽ വൈരുദ്ധ്യം

തിരു : ബാലരാമപുരത്ത് ഉറങ്ങിക്കിടന്ന രണ്ടു വയസ്സുകാരി കിണറ്റിൽവീണ് മരിച്ച സംഭവം കൊലപാതകമെന്ന് പോലീസ്. കസ്റ്റഡിയിലുള്ള ബന്ധുക്കളുടെ മൊഴിയിൽ വൈരുദ്ധ്യമുണ്ട്. പുറത്തുനിന്ന് ഒരാൾ വന്ന് കുഞ്ഞിനെ കൊലപ്പെടുത്താനുള്ള സാധ്യതയും പോലീസ് തള്ളിക്കളഞ്ഞു. കുടുംബം കൂട്ട ആത്മഹത്യക്ക് ശ്രമിച്ചിരുന്നോ എന്നും സംശയമുണ്ട്. വീട്ടിലെ ചായ്പ്പിൽ കയർ കുരുക്കിട്ട നിലയിൽ കണ്ടെത്തി. 30 ലക്ഷത്തോളം രൂപ കുടുംബത്തിന് കടമുണ്ടെന്ന് നാട്ടുകാരും പറയുന്നുണ്ട്.

കുട്ടിയുടെ അച്ഛൻ, അമ്മ, അമ്മയുടെ സഹോദരൻ എന്നിവരെ പോലീസ് നേരത്തെ കസ്റ്റഡിയിലെടുത്തിട്ടുണ്ടായിരുന്നു. അമ്മയുടെ സഹോദരന് മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തിയാണെന്നാണ് പോലീസ് പറയുന്നത്. മൂന്ന് പേരെയും വേവ്വേറെ ഇരുത്തി ചോദ്യംചെയ്തപ്പോൾ മൊഴിയിൽ വലിയ വൈരുദ്ധ്യമുണ്ട്. കുടുംബത്തിനുള്ളിൽ പ്രശ്നങ്ങളുണ്ടായിരുന്നു എന്ന വിവരവും പുറത്തുവന്നിട്ടുണ്ട്.

ഈ വീട്ടിൽ രാവിലെ തീപ്പിടിത്തവുമുണ്ടായിരുന്നു. കുഞ്ഞിന്റെ അമ്മയുടെ സഹോദരന്റെ മുറിയിൽ തീപ്പിടിത്തമുണ്ടായതായി നാട്ടുകാരും പറയുന്നുണ്ട്. അതിനുശേഷം കുഞ്ഞിനെ കാണാതാവുകയായിരുന്നു. പിന്നീട് നടത്തിയ തിരച്ചിലിലാണ് കുട്ടിയുടെ മൃതദേഹം സമീപത്തെ കിണറ്റിൽ നിന്ന് കണ്ടെത്തിയത്. ശ്രീതു ശ്രീജിത്ത് ദമ്പതികളുടെ മകൾ ദേവേന്ദു(2) ആണ് മരിച്ചത്. അഗ്നിരക്ഷാസേനയും പോലീസും ചേർന്ന് നടത്തിയ പരിശോധനയിലാണ് കുട്ടിയെ കണ്ടെത്തിയത്.

## ഖത്തർ എയർവേയ്സിനെ വലംവച്ച് യുദ്ധ വിമാനങ്ങൾ; വീഡിയോ കണ്ട് ഞെട്ടി ലോകം

മസ്കറ്റ്: ഖത്തർ എയർവേയ്സ് വിമാനം പറക്കുന്നു. ചുറ്റിലും വലം വച്ച് യുദ്ധവിമാനങ്ങൾ ചീറിപ്പറക്കുന്നു. കഴിഞ്ഞ ദിവസങ്ങളിൽ ഗൾഫ് മാധ്യമങ്ങളിലൂടെ പുറത്തുവന്ന വീഡിയോ കണ്ട് ലോകം ഞെട്ടി. വിമാനത്തിന് സുരക്ഷ ഒരുക്കുന്നതാണോ, അല്ലെങ്കിൽ മറ്റെന്തെങ്കിലും പ്രശ്നമാണോ എന്നതടക്കം പലരും ചിന്തിച്ചു. എന്നാൽ വീഡിയോയ്ക്ക് താഴെ പങ്കുവച്ച കുറിപ്പ് ശ്രദ്ധിച്ചതോടെയാണ് എല്ലാവർക്കും കാര്യം മനസിലായത്.

ഖത്തർ അമിർ ഹിസ് ഹൈനസ് അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനിയുടെ വിമാനം ഒമാനി വ്യോമാതിർത്തിയിൽ പ്രവേശിച്ചപ്പോൾ റോയൽ എയർഫോഴ്സ് ഓഫ് ഒമാന്റെ യുദ്ധവിമാനങ്ങൾ അനുഗമിക്കുന്നതായിരുന്നു വീഡിയോയിൽ. കഴിഞ്ഞ ചൊവ്വാഴ്ചയായിരുന്നു ഖത്തർ അമീർ ഒമാൻ സന്ദർശനത്തിനായി എത്തിയത്. ഖത്തർ അമീറിന് ഒമാൻ നൽകിയ രാജകീയ വരവേൽപ്പിന്റെ വീഡിയോ സോഷ്യൽ മീഡിയയിൽ വൈറലാണ്.

ഒമാൻ ഭരണാധികാരിയായ സുൽത്താൻ ഹൈതം ബിൻ താരിഖിന്റെ ക്ഷണം സ്വീകരിച്ചാണ് ഖത്തർ അമീർ എത്തിയത്. ഒമാൻ സുൽത്താനേറ്റായ മസ്കറ്റിലെ അൽ ആലം കൊട്ടാരത്തിൽ എത്തിയ അമീർ എച്ച് എച്ച് ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനിക്ക് വലിയ സ്വീകരണമാണ് ഒമാൻ സുൽത്താനേറ്റ് നൽകിയത്. അമീറിന്റെ വാഹനവ്യൂഹം മസ്കറ്റ് ഗേറ്റിൽ നിന്ന് അൽ ആലം പാലസിലേക്ക് പ്രവേശിച്ചതോടെയാണ് ഔദ്യോഗിക സ്വീകരണ ചടങ്ങുകൾ ആരംഭിച്ചത്.

സൈനിക, സാംസ്കാരിക, സംഗീത പരിപാടികൾ ചടങ്ങിന്റെ ഭാഗമായി സംഘടിപ്പിച്ചു. ഒമാനി പൈതൃകം വിളിച്ചോതുന്ന ഒട്ടക, കുതിരപ്പട ടീമുകളും നാടൻ കലകളും ഖത്തർ അമീറിനെ സ്വീകരിക്കാൻ ഉണ്ടായിരുന്നു. ഖത്തർ അമീറിനെ സ്വാഗതം ചെയ്യാൻ റോയൽ ആർട്ടിലറി ആകാശത്തേക്ക് 21 റൗണ്ട് വെടിയുതിർത്തു. ഇതോടൊപ്പം അൽ ആലം കൊട്ടാരത്തിൽ അമീർ എത്തിയപ്പോൾ ഖത്തർ സംസ്ഥാനത്തിന്റെ ദേശീയ ഗാനം ആലപിക്കുകയും ചെയ്തു.

## 'സമാധിക്ക് ശേഷം കുടുംബത്തിൽ ദാരിദ്ര്യം, പശുവിനെ വിറ്റ് പ്രതിഷ്ഠിക്കാനുള്ള ശിവലിംഗത്തിന് പണം നൽകി'



നെയ്യാറ്റിൻകര: സമാധിക്ക് ശേഷം കുടുംബത്തിൽ ആകെ ദാരിദ്ര്യമാണെന്ന് നെയ്യാറ്റിൻകര ഗോപന്റെ ഭാര്യ സുലോചന. കുടുംബത്തിന്റെ വരുമാന മാർഗമായ പശുവിനെ വിറ്റ് സമാധിത്തറയിൽ പ്രതിഷ്ഠിക്കാനുള്ള ശിവലിംഗത്തിന് ഓർഡർ നൽകിയെന്നും ഗോപന്റെ ഭാര്യ പറഞ്ഞു. കുടുംബം സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുകയാണെന്നും ചില സംഘടനകൾ ഇടപെട്ടാണ് സമാധി ചെലവ് നടത്തിയതും പീഠം നിർമ്മിച്ചതെന്നും അവർ പറഞ്ഞു.

'സമാധി സ്ഥലം സന്ദർശിക്കാൻ ഒരുപാട് പേർ ഇവിടെ എത്തുന്നുണ്ട്. ധ്യാനമിരിക്കാൻ സ്ഥലമില്ലാത്തത് കൊണ്ട് ഒരു ഷെഡ് കെട്ടണമെന്ന് പലരും പറഞ്ഞിട്ടുണ്ട്. ഇനി ശിവലിംഗം സ്ഥാപിക്കുന്നതിന് മുമ്പ് അഭിഷേകവും പൂജയുമുണ്ട്. ക്ഷേത്രത്തിന് വേണ്ടി എല്ലാം മയിലാടിയിൽ നിന്നാണ് ഓർഡർ കൊടുത്തത്. ശിവലിംഗത്തിനും ഓർഡർ കൊടുത്തു. ഇതിന്റെ ചെലവിനായി പശുവിനെ കൊടുത്തു. പശുവിൽ നിന്നായിരുന്നു കുടുംബത്തിലെ ചെലവ് നടന്നത്. കുടുംബത്തിന്റെ വരുമാനം ഓർത്താണ് ഇപ്പോൾ ധർമ്മ സങ്കടത്തിലായിരിക്കുന്നത്. മകൻ സനന്ദന് വരുമാനമുണ്ട്. പക്ഷേ അവന് ലോണും കാര്യങ്ങളൊക്കെ ഉണ്ട്. ഭഗവാന്റെ കാര്യങ്ങൾ കൈലാസനാഥൻ എല്ലാം നടത്തുമെന്നാണ് കരുതുന്നത്. പിന്തുണയുമായി വന്ന സംഘടകൾ ഒരുപാട് പൈസയൊക്കെ ചെലവാക്കി സമാധി പീഠമൊക്കെ കെട്ടി. മറ്റൊരാൾ തന്നാൽ അല്ലേ തന്നു എന്ന് പറയാൻ സാധിക്കുകയുള്ളൂ'- സുലോചന പറഞ്ഞു.

## തല ഭിത്തിയിലടിച്ചു, മരണവെപ്രാളത്തിലായതോടെ ഷാൾ മുറിച്ചു; യുവതിയുടെ നില അതീവ ഗുരുതരം

ചോറ്റാനിക്കര: പോക്സോ കേസ് അതിജീവിതയായ 20-കാരിയെ വീടിനുള്ളിൽ അവശനിലയിൽ കണ്ടെത്തിയ സംഭവത്തിൽ പ്രതിയെ തെളിവെടുപ്പിനായി വീട്ടിലേക്ക് എത്തിച്ചു. ചോറ്റാനിക്കരയ്ക്കു സമീപമാണ് ഞായറാഴ്ച ഉച്ചയ്ക്കു ശേഷം വീട്ടിനുള്ളിൽ കഴുത്തിൽ കയർ മുറുകി പരിക്കേറ്റ നിലയിലും കൈയിൽ മുറിവേറ്റ നിലയിലും പെൺകുട്ടിയെ കണ്ടത്. രണ്ടു ദിവസമായി ആശുപത്രിയിൽ ഗുരതരാവസ്ഥയിൽ തുടരുകയാണ്.

ഇന്നലെ രാവിലെയാണ് പ്രതിയായിട്ടുള്ള അനൂപിനെ പോലീസ് കസ്റ്റഡിയിലെടുത്തത്. ചോദ്യം ചെയ്യലിന് ശേഷമാണ് പ്രതിയെ തെളിവെടുപ്പിനായി സംഭവം നടന്ന വീട്ടിലേക്ക് എത്തിച്ചത്. കനത്ത പോലീസ് സാന്നിധ്യത്തിലാണ് പ്രതിയെ തെളിവെടുപ്പിന് കൊണ്ടുവന്നത്. ശനിയാഴ്ചയാണ് ഇയാൾ പെൺകുട്ടി താമസിക്കുന്ന വീട്ടിലെത്തിയതെന്നാണ് വിവരം. തർക്കമുണ്ടായതിന്റെ പേരിൽ ഇയാൾ പെൺകുട്ടിയെ ക്രൂരമായി മർദിക്കുകയായിരുന്നു.

പെൺകുട്ടിയുടെ തല ഇയാൾ ഭിത്തിയിലിടിക്കുകയും ശ്വാസം മുട്ടിക്കാൻ ശ്രമിക്കുകയും ചെയ്തു. ഇയാൾ പെൺകുട്ടിയോട് ചത്തൂടേ എന്ന് ചോദിച്ചതായും പോലീസ് പറയുന്നു. ഇതിന് ശേഷമാണ് പെൺകുട്ടി ആത്മഹത്യക്ക് ശ്രമിച്ചത്. പെൺകുട്ടി ഷാളിൽ തൂങ്ങി മരണവെപ്രാളത്തിലായതോടെ ഇയാൾ ഷാൾ മുറിച്ചു. അതിന് ശേഷവും അനൂപ് പെൺകുട്ടിയെ ഉപദ്രവിച്ചതായും പിന്നീട് മരിച്ചെന്ന് കരുതി രക്ഷപ്പെടുകയായിരുന്നുവെന്നും പോലീസ് പറയുന്നു. പെൺകുട്ടിയുമായി സൗഹൃദത്തിലായിരുന്ന ഇയാളുടെ സംശയ രോഗമാണ് മർദനത്തിലേക്ക് നയിച്ചത്.

പെൺകുട്ടിയുടെ കയ്യിലെ മുറിവ് ഉറുമ്പരിച്ച നിലയിലായിരുന്നു. അർധ നഗ്നാവസ്ഥയിലായിരുന്ന പെൺകുട്ടിയെ ചോറ്റാനിക്കര പോലീസും ബന്ധുക്കളും ചേർന്ന് തൃപ്പൂണിത്തുറ ഗവൺമെന്റ് ആശുപത്രിയിലും തുടർന്ന് എറണാകുളം ജനറൽ ആശുപത്രിയിലും എത്തിച്ചു. പരിക്ക് ഗുരുതരമായതിനാൽ പിന്നീട് എറണാകുളത്തെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. യുവതി ഇപ്പോൾ അതീവ ഗുരുതരാവസ്ഥയിൽ തീവ്രപരിചരണ വിഭാഗത്തിലാണ്.

### കോടതി പരസ്യം

**ബഹു. ഒറ്റപ്പാലം MACT കോടതി മുമ്പാകെ**

OP (MV): 208/2023

KSEB Rep. Asst. Executive Engineer, Mannarkad

-ഹരജിക്കാരൻ

ലിഷൻ മുതൽപേർ

-എകൃകക്ഷികൾ

സക്കീർ ഹുസൈൻ 7/468 അമ്പലത്തുവീട്ടിൽ കൊച്ചനങ്ങാടി, മട്ടാഞ്ചേരി, കൊച്ചി-2, എറണാകുളം ജില്ല

-2-ാം എഎതൃകക്ഷി

മേൽ നമ്പ്ര് കേസ് **22-02-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. അന്നേദിവസം കോടതിയിൽ ഹാജരാകാത്ത പക്ഷം താങ്കൾക്കെതിരെ ബഹു. കോടതിയിൽ നിന്നും എക്സ്പാർട്ടിയായി വിധി പുറപ്പെടുവിക്കുന്നതാണെന്ന വിവരം താങ്കളെ ഇതിനാൽ അറിയിക്കുന്നു.

എന്ന്, 24-1-2025

ഹരജിഭാഗം അഡ്വക്കേറ്റ്

**എൻ കെ ജയദേവൻ** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ മുമ്പാകെ**

OP (MV): 1813/2022

Amal K.G.

-ഹരജിക്കാരൻ

Muhammad Shafi S/o. Saidu Muhammad, Vaderi House, P.O. Njamanegad, Vadkkekkad, Thrissur-680509

-1-ാം എതൃകക്ഷി

മേൽ നമ്പറിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടിയിലും വാസ സ്ഥലത്തും പതിച്ചുനടത്തുവാനും പത്രത്തിൽ പരസ്യം ചെയ്യുവാനും അനുവദിച്ച് മേൽ നമ്പർ കേസ് **09-04-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതിയിൽ ബോധിപ്പിക്കേണ്ടതാണെന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 30-1-2025

ഹരജിഭാഗം അഡ്വക്കേറ്റ്

**ജോയ് ടി ഐ** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ മുൻസിഫ് കോടതി മുമ്പാകെ**

OS: 989/2020

ഡയമണ്ട് വില്ലേജ് കുറീസ്

-അന്യായക്കാരൻ

നിർമ്മല ആർ നമ്പൂതിരി, 315 A, (11/127), മഠത്തിൽ ഇല്ലം 9, തുമ്പൂർ, വേളൂർക്കര, ഇരിങ്ങാലക്കുട, തൃശൂർ

-1-ാം പ്രതി

മേൽ നമ്പർ കേസിൽ 1-ാംപ്രതിക്കുള്ള സമൻസ് കോടതി നോട്ടീസ് ബോർഡിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസ് **15-02-2025** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും മേൽ നമ്പർ കേസിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് നിങ്ങളോ അധികാരപ്പെടുത്തിയ ആളോ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 18-1-2025

അന്യായഭാഗം അഡ്വക്കേറ്റ്

**എം വി ഗോപാലകൃഷ്ണൻ** (ഒപ്പ്)

